# നമ്മുടെ കുട്ടികളെ ആരോഗ്യവാന്മാർ ആക്കുകയും നമ്മുടെ വിദ്യാലയങ്ങളെ രോഗ വിമുക്തവും ആക്കുക.



## സ്കൂൾ പ്രതിരോഗ കുത്തിവെപ്പിന്റെ ഒത്തുനോക്കുന്നതിനുള്ള പട്ടിക

**നിങ്ങളുടെ കുട്ടിക്ക് ഒന്റാറിയോയിൽ സ്കൂളിൽ പോകണമെങ്കിൽ താഴെ പറയുന്ന പകർച്ചവ്യാധികൾക്കെതിരേ കുത്തിവെപ്പുകൾ നടത്തിയിരിക്കണം:**

- ✔ **മേനിങ്ങോകോക്കൽ ഡിസീസ്**
- ✔ **പെർട്ടൂസിസ്** (വില്ലൻ ചുമ)
- ✔ **വെരിസെല്ല** (ചിക്കൻപോക്സ്)
  *(2010 നോ അതിനു ശേഷമോ ജനിച്ച കുട്ടികൾക്ക്)*
- ✔ **ഡിഫ്റ്റീരിയ**
- ✔ **റ്റെറ്റനസ്**
- ✔ **പോളിയോ**
- ✔ **അഞ്ചാംപനി**
- ✔ **മുണ്ടിനീര്**
- ✔ **റൂബെല്ല**

**മറ്റു നിർദേശിക്കപ്പെട്ട കുത്തിവെപ്പുകൾക്കു ഒന്റാറിയോയുടെ ഇമ്മ്യൂണിയസഷൻ ഷെഡ്യൂൾ ontario.ca/vaccines സന്ദർശിച്ചാൽ ലഭിക്കും.**

## ഒന്റാറിയോയുടെ പ്രതിരോഗ കുത്തിവെപ്പ് പട്ടികയിൽ ചേർന്നു നിൽക്കുക

ഒരു മാതാപിതാവെന്ന നിലയിൽ, നിങ്ങളുടെ കുട്ടികളെ സുരക്ഷിതരും ആരോഗ്യവാന്മാരുമായി ഇരുത്തേണ്ട തിങ്ങളുടെ ഒന്നാം നമ്പർ ചുമതലയാണ്. 4 ഇനും 17 ഇനും വയസ്സിൽ ഇടയിലുള്ള വിദ്യാലയങ്ങളിൽ പോകുന്ന ഓരോ കുട്ടിയും ഒന്റാരിയോയോടെ പ്രതിരോഗ കുത്തിവെപ്പ് പട്ടിക അനുസരിച്ചു കുത്തിവെപ്പുകൾ ഇടുത്തിരിക്കേണ്ടതാണ്. വിദ്യാലയങ്ങളിൽ വളരെ വേഗത്തിൽ പടരുന്ന പല രോഗങ്ങളിൽ നിന്നും ഈ പ്രതിരോഗ കുത്തിവെപ്പുകൾ സംരക്ഷിക്കും.

*Immunization of School Pupils Act* പ്രകാരം ഡിഫ്റ്റീരിയ, റ്റെറ്റനസ്, പോളിയോ, അഞ്ചാംപനി, മുണ്ടിനീര്, റൂബെല്ല, മേനിങ്ങോകോക്കൽ ഡിസീസ്, വില്ലൻ ചുമ - കൂടാതെ 2010 ഇന് ശേഷം ജനിച്ച കുട്ടികൾക്ക് ചിക്കൻ പോക്സ് കുത്തിവെപ്പുകൾ എടുത്തിരിക്കണം. പൂർണമായും കുത്തിവെപ്പുകൾ എടുക്കാത്ത കുട്ടികളെ ഒരുപക്ഷെ വിദ്യാലയത്തിൽ പഠിക്കാൻ അനുവദിക്കില്ല.

## നിങ്ങൾ എന്താണ് ചെയ്യണ്ടത്

നിങ്ങളുടെ കുട്ടിക്ക് വിദ്യാലയത്തിൽ സംബന്ധിക്കാൻ വേണ്ട എല്ലാ കുത്തിവെപ്പുകളും ഉണ്ടോ എന്ന് നിങ്ങളുടെ ആരോഗ്യ പ്രവർത്തകരോടോ പ്രാദേശിക ആരോഗ്യ വകുപ്പ് കേന്ദ്രത്തിലോ അന്വേഷിക്കുക. നിങ്ങളുടെ കുട്ടി പട്ടികക്ക് അനുസരിച്ചു പ്രതിരോഗ കുത്തിവെപ്പുകൾ എടുത്തിട്ടുണ്ടെങ്കിൽ കൂടുതൽ കുത്തിവെപ്പുകൾ ഒന്നും വേണ്ട.

പ്രാദേശിക ആരോഗ്യ കേന്ദ്രത്തിലേക്ക് നിങ്ങളുടെ കുട്ടിയുടെ സമകാലിക കുത്തിവെപ്പ് രേഖകൾ അറിയിക്കേണ്ടത് നിങ്ങളുടെ ചുമതല ആണെന്ന് നിങ്ങൾക്കറിയാമോ? നിങ്ങളുടെ ആരോഗ്യ പരിപാലകർ ഈ റെക്കോർഡുകൾ നിങ്ങള്ക്ക് വേണ്ടി റിപ്പോർട്ട് ചെയ്യില്ല. നിങ്ങളുടെ അടുത്തുള്ള പ്രാദേശിക പൊതു ആരോഗ്യ കേന്ദ്രം എവിടെ എന്ന് അറിയാനോ, കുത്തിവെപ്പുകളെ പറ്റി കൂടുതൽ വിവരങ്ങൾക്കോ നിങ്ങള്ക്ക് ontario.ca/vaccines സന്ദർശിക്കുക.

## നമ്മൾ ഓരോരുത്തരെയും സംരക്ഷിക്കാൻ നമ്മൾ എല്ലാവരും ഒന്നിച്ചു ശ്രമിക്കണം.

**നിങ്ങൾ നിങ്ങളുടെ കുട്ടിക്ക് പ്രതിരോഗ കുത്തിവെപ്പ് നടത്തുന്നതിലൂടെ, നിങ്ങൾ അവരെയും മറ്റുള്ള കുട്ടികളെയും മാരക രോഗങ്ങളിൽ നിന്ന് സംരക്ഷിക്കും.**

Ontario

# ഈ പ്രതിരോഗ കുത്തിവെപ്പുകൾ 200 വർഷത്തിലേറെയായി ലോകം മുഴുവൻ ജീവൻ രക്ഷിച്ചു കൊണ്ടിരിക്കുകയാണ്!

## ഈ കുത്തിവെപ്പുകൾ നടത്തി നിങ്ങളുടെ കുടുംബത്തെ താഴെ പറയുന്ന അസുഖങ്ങളിൽ നിന്ന് സംരക്ഷിക്കൂ.

**പെർട്ടൂസിസ്** (വില്ലൻ ചുമ)
കുട്ടികൾ, കൗമാരക്കാർ, പ്രായപൂർത്തി ആയവർ ഇവർക്കെല്ലാം നീണ്ടകാലത്തെ ചുമ നൽകുന്ന ഒരു പകർച്ച രോഗമാണ് വില്ലൻ ചുമ. കൊച്ചു കുട്ടികൾക്ക് ഇത് വളരെ അപകടകാരിയാണ്. ഈ ചുമ മൂലം കുട്ടികൾക്ക് ശർദി അഥവാ ചെറിയ നേരത്തേക്ക് ശ്വാസം നിലക്കലും ഉണ്ടാകാം. ന്യൂമോണിയ കൂടാതെ തലച്ചോറിന് ക്ഷതം, കുട്ടികൾക്ക് ചുഴലി തുടങ്ങിയ അതി കഠിന ദൂഷ്യ ഫലങ്ങൾ സംഭവിക്കാവുന്നതാണ്.

**വെരിസെല്ല** (ചിക്കൻപോക്സ്)
കുളിരു, മസിൽ അഥവാ സന്ധി വേദന, 39 ഡിഗ്രി C വരെയുള്ള പനി, ചെറു തലവേദന, ക്ഷീണം എന്നിവ വരുന്നതനിനു ഒന്നോ രണ്ടോ ദിവസം മുൻപ് ചുവന്ന തടിച്ച, വിണ്ടു കീറുന്ന, ചൊറിച്ചിലുള്ള ചൂട് പൊങ്ങൽ എല്ലാം ഉള്ള ഒരു പകർച്ച രോഗമാണ് ചിക്കൻപോക്സ്. ത്വക്കിലെ ബാക്റ്റീരിയൽ അണുബാധ, ചെവിയിലെ അണുബാധ, ന്യൂമോണിയ തുടങ്ങിയ സങ്കീർണ ദൂഷ്യ ഫലങ്ങൾ വളരെ ഗൗരവമായി ചിക്കൻപോക്സ്ലൂടെ വരാം.

**മേനിങ്ങോകോക്കൽ അസുഖം**
മെനഞ്ചൈറ്റിസ് പോലുള്ള ഗൗരവമായുള്ള അസുഖങ്ങൾ മേനിങ്ങോകോക്കൽ പകർച്ച വ്യാധിയിലുടെ ഉണ്ടാകാം. അസുഖമുള്ളമറ്റൊരാളുമായി സമ്പർക്കം പെടുകയോ, ആരോഗ്യവാനായ ഒരു "വാഹകനും" ആയി സമ്പർക്കം ഉണ്ടാകുകയോ ചെയ്താൽ മെനഞ്ചൈറ്റിസ് എന്ന ഗൗരവ രോഗം ജനങ്ങൾക്കു വരാം. മേനാഗോകൊപ്പൽ അസുഖം മൂലം രക്തത്തിൽ വിഷാംശമോ, തലച്ചോറിനും നട്ടെല്ലിനും അണുബാധയോ ഉണ്ടാകാനും കാരണമാകുന്നു.

**റ്റെറ്റന്സ്**
റ്റെറ്റന്സ് രോഗാണു ഉള്ള ചെളി നമ്മുടെ ശരീരത്തിലെ മുറിവിൽ കൂടി കയറിയാൽ വരാവുന്ന ഒരു മാരക രോഗമാണ് റ്റെറ്റന്സ് അഥവാ ക്ഷദപാതം. മാംസപേശികളെ കൊളുത്തി പിടിപ്പിക്കാനും, ഗൗരവമായ കമ്പനത്തിനും കാരണമാകാം.

**ഡിഫ്റ്റീരിയ**
മൂക്ക്, തൊണ്ട, ത്വക് എന്നിവടങ്ങളിൽ വരുന്ന ഒരു ഗൗരവമുള്ള രോഗമാണിത്. ഇതുമൂലം തൊണ്ടകരപ്പു, പനി, കുളിർ എന്നിവ ഉണ്ടാകാം. ഡിഫ്റ്റീരിയ മൂലം ശ്വസന പ്രശ്നങ്ങൾ, ഹ്രദയ തകരാർ, നാഡീക്ഷതം എന്നിവയും ഉണ്ടാകാം.

**പോളിയോ**
പോളിയോ വൈറസ് ഉള്ള വെള്ളം കുടിക്കുന്നതിലൂടെയും, ഭക്ഷ്യപദാർഥങ്ങള് കഴിക്കുന്നതിലൂടെയും ജനങ്ങൾക്ക് വരാവുന്ന ഒരു ഗൗരവമുള്ള അസുഖമാണ്. ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് ഇത് പടരാം. പോളിയോ മൂലം നാഡീക്ഷതം സംഭവിക്കുകയോ, ഒരാളെ ജീവിതകാലം മുഴുവൻ തളർത്തി കെടുത്താനോ അഥോ മരണത്തിനോ കാരണമാകാം.

**മുണ്ടിനീര്**
വൈറസ് മൂലം ബാധിക്കുന്ന ഒരു പകർച്ചവ്യാധി ആണ് മുണ്ടിനീര്. പനി, തലവേദന, കൂടാതെ കവിൾ, താടിയെല്ല്, കഴുത്തു എന്നിവിടങ്ങളിലെ നീർവീക്കം ആണ് പ്രധാന ലക്ഷണങ്ങൾ. കേൾവി നഷ്ടം, തലച്ചോറിലെ വീക്കം തുടങ്ങിയ സന്ഗീർണതകൾക്ക് ഇത് കാരണമാകാം.

**അഞ്ചാംപനി**
വളരെ അപകടകാരിയായ ഒരു പകർച്ചവ്യാധി ആണ് അഞ്ചാംപനി. ഇതുമൂലം കടുത്ത പനി, ചുമ, ചൊറിഞ്ഞുപൊട്ടൽ, മൂക്കൊലിപ്പ്, കണ്ണ് ചുമപ്പ് എന്നിവ ഉണ്ടാകാം. ചെവിയിലെ അണുബാധ, ന്യൂമോണിയ എന്നി സന്ഗീർണതകൾക്കും ഈ അഞ്ചാംപനി കാരണമാകാം.

**റൂബെല്ല**
വൈറസ് മൂലം ഉണ്ടാകുന്ന ഒരു പകർച്ചവ്യാധി ആണ് റൂബെല്ല. പനി, ചൊറിച്ചിൽ, തലവേദന, മിതമായ മൂക്കൊലിപ്പ് കൂടാതെ കണ്ണ് ചുമപ്പ് (ചെങ്കണ്ണ്) ഇവയെല്ലാം റൂബെല്ല മൂലം ഉണ്ടാകാം. ഗർഭിണികളായ സ്ത്രീകൾക്കും, അവരുടെ കുഞ്ഞുങ്ങൾക്കും കൂടാതെ പ്രായപൂർത്തി ആയവർക്ക് സന്ധിവാതം തുടങ്ങിയ സന്ഗീർണ പ്രശ്നങ്ങൾ ഉണ്ടാകാം.

## പ്രധാനപ്പെട്ട അറിയിപ്പ്:

**സമകാലീനമായ കുത്തിവെപ്പ് റെക്കോർഡുകൾ പ്രാദേശിക ആരോഗ്യ കേന്ദ്രത്തിൽ ഇല്ലാത്ത വിദ്യാർത്ഥികളെ അവരുടെ കൃത്യമായ റെക്കോർഡുകൾ നൽകുന്നവരെ വിദ്യാലയത്തിൽ നിന്ന് സസ്പെൻഡ് ചെയ്യാവുന്നതാണ്.**

**നിങ്ങളുടെ കുട്ടിക്ക് പ്രതിരോഗ കുത്തിവെപ്പിൽ നിന്ന് ഒഴിവാക്കൽ വേണമെങ്കിൽ ദയവായി നിങ്ങളുടെ പ്രാദേശിക ആരോഗ്യകേന്ദ്രവുമായി സംസാരിക്കുക. ആരോഗ്യപരമല്ലാത്ത കാരണങ്ങളാൽ കുട്ടിയെ കുത്തിവെപ്പിൽ നിന്ന് ഒഴിവാക്കാൻ ആഗ്രഹിക്കുന്ന മാതാപിതാക്കൾ ഒരു അധ്യയന യോഗം പൂർത്തീകരിക്കേണ്ടതുണ്ട്. ഇങ്ങനെ കുത്തിവെപ്പിൽ നിന്ന് ഒഴിവാക്കപ്പെട്ട കുട്ടികൾക്ക് അപകടസാധ്യത കൂടുതൽ ആണെന്ന് മനസ്സിലാക്കി അസുഖത്തിന്റെ പൊട്ടിപുറപ്പെടൽ ഉണ്ടായാൽ അവരെ വിദ്യാലയത്തിൽ നിന്ന് നീക്കപ്പെടാവുന്നതുമാണ്.**

Malayalam. Publication No. (301253) ISBN No. 978-1-4868-6735-6, PDF. March 2023. © King's Printer for Ontario, 2023.

**നിങ്ങളുടെ കുട്ടിയുടെ പ്രതിരോഗ കുത്തിവെപ്പിന്റെ റെക്കോർഡ് റിപ്പോർട്ട് ചെയ്യാൻ നിങ്ങളുടെ പ്രാദേശിക ആരോഗ്യകേന്ദ്രയുമായി ബന്ധപെടുക.**

Ontario